## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് ശ്രീ. അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി നമ്പർ 4905/11/12/2024/ TVM**

പരാതിക്കാരൻ : ശ്രീ. സോമൻ നായർ
രാധാമന്ദിരം, ആലച്ചൽക്കോണം,
ഒറ്റശേഖരമംഗലം, തിരുവനന്തപുരം.

എതിർകക്ഷികൾ : ശ്രീ. ജയദാസ്
കുഴിക്കാലവിള, ഒറ്റശേഖരമംഗലം

**ഉത്തരവ് തീയതി 7. 2. 2025**

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ മണക്കാല വാർഡിൽ ശാന്ത കുമാരി, രമ്യാഭവൻ, ആലച്ചൽക്കോണം, വാഴിച്ചൽ പി.ഒ. എന്നയാളുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിലെ മരങ്ങൾ വീടിനു ഭീഷണിയായി നിൽക്കുന്നുവെന്നു കാണിച്ച് 400254/PSDT02/GPO/2023/3507 നമ്പർ പ്രകാരം പരാതി സമർപ്പിച്ചിരുന്നെങ്കിലും ഈ വിഷയത്തിൽ നാളിതുവരെ പഞ്ചായത്തിൽ നിന്നും ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഇത് കൂടാതെ പരാതിക്കാരന്റെ അയൽവാസിയായ ജയദാസ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കൊണ്ട് പരാതിക്കാരന്റെ പുരയിടത്തിന് സമീപം നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നുവെന്നും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട 400254/BAUV02/GPO/2023/905 നമ്പർ പരാതിയിന്മേൽ എതിർകക്ഷിയായ ജയദാസ്, കുഴിക്കാലവിള പുത്തൻവീട് എന്നയാൾക്ക് പഞ്ചായത്തിൽ നിന്നും അനധികൃത നിർമ്മാണ പ്രവർത്തനം പൊളിച്ചു നീക്കുന്നതിനുള്ള അറിയിപ്പ് നൽകിയെന്ന് 08-01-2024-ന് പരാതിക്കാരനെ അറിയിച്ചിരുന്നെങ്കിലും നാളിതുവരെ പൊളിച്ച് മാറ്റുന്നതിനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുമാണ് പരാതിസംഗതി.

ജോയിന്റ് ഡയറക്ടർ, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം 09-09-2024-ലെ റിപ്പോർട്ട് സമർപ്പിച്ചു. ടി റിപ്പോർട്ടിൽ പരാതിയിന്മേൽ എതിർകക്ഷിക്ക് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടും പരിഹാരമുണ്ടാകാത്ത സാഹചര്യത്തിൽ പരാതിയ്ക്കാസ്പദമായ വൃക്ഷശിഖരങ്ങൾ പഞ്ചായത്ത് നേരിട്ട് മുറിച്ച് മാറ്റുന്നതിനുള്ള തീരുമാനമെടുക്കുന്നതിനായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 പ്രകാരം അടിയന്തിര നടപടി സ്വീകരിച്ച് പരാതിക്കാസ്പദമായ വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ പുരയിടത്തിന് സമീപം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള സെറ്റ് ബാക്ക് ഇല്ലാതെ നടത്തിയ

അനധികൃത നിർമ്മാണം പൊളിച്ച് മാറ്റണമെന്നത് സംബന്ധിച്ച് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തിയതിൽ ഹർജിക്കാരന്റെ വസ്തുവിൽ നിന്നും ചട്ടപ്രകാരമുള്ള അകലം പാലിക്കാതെയാണ് (1 മീറ്റർ അകലം വേണ്ടിടത്ത് 30 സെന്റീമീറ്റർ മാത്രമേയുള്ളൂ) പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് കണ്ടതിനാൽ ആയത് പൊളിച്ച് നീക്കുന്നതിന് എതിർകക്ഷിയായ ശ്രീ. ജയദാസ് എന്നയാൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235W പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പരാതിക്കാസ്പദമായ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റി വിവരം റിപ്പോർട്ട് ചെയ്യുന്നു.

7-2-2025 പരാതികക്ഷി ഹാജരായി. പരാതിസംഗതിയിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തുടർന്നു വരുന്ന നടപടികൾ 6 ആഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് പരാതിക്കാരനും ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും അയച്ചുകൊടുക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ